(Pages : 4) **H – 6598**

Reg. No. : ..............................

Name : ..................................

# First Semester B.A. (SDE) Degree Examination, December 2019

## First Degree Programme under CSS

## Malayalam : Language, Culture and Literature

## Core Course I – ML 1141 : നോവൽ; ചരിത്രവും, പാഠവും

## (2017 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ഒരു ചരിത്രാഖ്യായിക നിർമ്മിക്കുന്നതിന് സി.വി.ക്ക് പ്രചോദനം നൽകിയത് ആരുടെ കൃതികളാണ്?

2. നോവൽസാഹിത്യം ആരുടെ കൃതിയാണ്?

3. 'ചെമ്മീൻ' എന്ന നോവലിൽ പശ്ചാത്തലമായി വരുന്ന പ്രദേശം ഏതാണ്?

4. പാശ്ചാത്യ സാഹിത്യമാതൃകകളും പ്രസ്ഥാനങ്ങളും പരിചയപ്പെടുത്തുന്ന കേസരിയുടെ കൃതി ഏത്?

5. സൈബർ സാധ്യതകൾ ഉപയോഗപ്പെടുത്തിയ എം. മുകുന്ദന്റെ നോവലേത്?

6. The Slayer Slain ഘാതകവധം എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചതാര്?

7. ഇന്ദുലേഖ പ്രസിദ്ധീകരിച്ച വർഷം ഏത്?

P.T.O.

gcwcentrallibrary.in

8. മലയാളത്തിലെ ആദ്യത്തെ ബോധധാരാ നോവൽ ഏത്?

9. 'പിതൃഘടികാരം' ആരുടെ കൃതിയാണ്?

10. ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാരാണ്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **ഒരു** ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

11. ചിന്നന്റെ ഇംഗ്ലീഷ് പഠനത്തോട് പഞ്ചുമേനോൻ എതിർപ്പ് പ്രകടിപ്പിക്കാൻ കാരണമെന്ത്?

12. പ്ലോട്ട് എന്നാൽ എന്ത്?

13. ഫിക്ഷൻ - കുറിപ്പെഴുതുക.

14. മലയാള നോവൽ ചരിത്രത്തിൽ സാധാരണ ഉപയോഗിച്ചു വരുന്ന വിഭജന ക്രമം ഏതാണ്?

15. പുല്ലേലി കുഞ്ചു - വിശദീകരണകുറിപ്പ് തയ്യാറാക്കുക.

16. സി.വി. രാമൻപിള്ളയുടെ പ്രധാന ചരിത്രാഖ്യായികകൾ ഏതെല്ലാം?

17. അയ്യോ തമ്പുരാനേ, ഞങ്ങളെ അടിക്കരുതേ! ഞങ്ങൾ മൃഗങ്ങളല്ല! ഞങ്ങൾ മനുഷ്യരാണ്. ഇങ്ങനെ വിലപിച്ചത് ആരാണ്? കാരണമെന്ത്?

18. 'ആ കരുത്തം കെട്ട ചണ്ഡാളൻ - ആ മഹാപാപി - എന്നെ അപമാനിച്ചത് നീ അറിഞ്ഞില്ലേ?' പഞ്ചുമേനോൻ ആരെക്കുറിച്ചാണ് പറയുന്നത്? വിശദമാക്കുക.

19. എന്തു കാരണത്താലായാലും വഞ്ചകപ്രയോഗത്താൽ വന്നിട്ടുള്ള മൃതിയെന്നു തീർച്ചയാക്കുന്നതിൽ യാതൊരു ആക്ഷേപവുമില്ല. സൂചിതമെന്ത്?

20. "വേല ചെയ്യും കൂലി വാങ്ങിയും ശീലിച്ച കൈകളാണ്. ഈ കൈയ്യു സംഭാവന വാങ്ങി ശീലമില്ല" - സന്ദർഭം വിശദമാക്കുക.

21. 'നദി കടന്നു കഴിഞ്ഞാൽ തോണി ഉപേക്ഷിക്കേണ്ടിവരും പഞ്ചായത്തു തോണി തന്റെ സ്വകാര്യസ്വത്തായി കരുതിയവനാണ് മൂഢൻ' - വിശദമാക്കുക.

22. പടച്ചോന്റെ വഴികൾ വിചിത്രങ്ങളാണെന്ന് അപ്പുണ്ണിയ്ക്ക് തോന്നാൻ കാരണമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവ്വത്രികമാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന സോദ്ദേശ്യകൃതിയായി ഇന്ദുലേഖ മാറുന്നുണ്ടോ? പരിശോധിക്കുക.

24. മലയാളത്തിലെ നവോത്ഥാനനോവലുകളുടെ മുഖ്യസവിശേഷതകൾ ക്രോഡീകരിക്കുക.

25. ആധുനിക നോവലുകൾ പലതും ആന്റിനോവലുകളാണ് - പരിശോധിക്കുക.

26. ബോധധാരാ നോവലുകളുടെ സ്വഭാവം എന്താണ്?

27. ആത്മാഭിമാനം നേടിയെടുത്ത തൊഴിലാളി വർഗ്ഗത്തിന്റെ പ്രതിനിധിയാണ് പപ്പു. നിരൂപണം ചെയ്യുക.

28. "അപ്പോൾ എല്ലാവരും കൂടെ കൂട്ടം നിലവിളിച്ചു". അയ്യോ! കുലപാതകം കുലപാതകം ഒരു കുലപാതകം - നിലവിളിക്കാനുള്ള കാരണമെന്ത്? പരിശോധിക്കുക.

29. 'ഇന്ദുലേഖ'യെ ശുഭപര്യവസായി ആക്കുന്ന ഘടകങ്ങൾ സംക്ഷേപിക്കുക.

30. നോവലിന്റെ സഹജഭാവമാണ് റിയലിസം - പരിശോധിക്കുക.

31. അദ്ധ്വാനത്തിന്റെ മഹത്വത്തിലും ദൃഢവിശ്വാസത്തിന്റെ വീര്യത്തിലും ഊന്നിക്കൊണ്ടുള്ള നായകസൃഷ്ടിയാണ് പപ്പുവിലൂടെ ദേവ് ലക്ഷ്യം വയ്ക്കുന്നത്. നിരൂപണം ചെയ്യുക.

**(6 × 4 = 24 Marks)**

IV. **മൂന്നു പുറത്തിൽ** കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. സി.വി.യുടെ ചരിത്രനോവലുകളിൽ വീരപൗരുഷഗുണങ്ങളും തന്ത്രനൈപുണിയുമാണ് പ്രധാന അംശങ്ങൾ. മാർത്താണ്ഡവർമ്മയെ മുൻനിർത്തി പര്യാലോചിക്കുക.

gcwcentrallibrary.in

33. നിരർത്ഥകമായ ഒരാഖ്യാനമാണ് ജീവിതമെന്ന ദർശനമാണ് 'മരണസർട്ടിഫിക്കറ്റ്' മുന്നോട്ടുവയ്ക്കുന്നത് - സ്വാഭിപ്രായം സ്വരൂപിക്കുക.

34. ആധുനിക നോവലും ആധുനികോത്തര നോവലും ശൈലിയിൽ മുഖ്യമായും ശ്രദ്ധപതിപ്പിക്കുന്നു. വിശകലനം ചെയ്യുക.

35. മോഷണത്തിന്റെ നിഗൂഢശാസ്ത്രത്തെ നിഷേധാത്മകമായ ആത്മീയതയുടെ രൂപമായി അവതരിപ്പിക്കുന്ന നോവലാണ് ചോരശാസ്ത്രം - അപഗ്രഥിക്കുക.

**(2 × 15 = 30 Marks)**

gcwcentrallibrary.in